**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ആസക്തി തടയുന്നതിനുള്ള കർമ്മപരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പ്രായഭേദമെന്യേ എല്ലാവരെയും ബാധിക്കുന്ന വിപത്തായി ഡിജിറ്റൽ ആസക്തി മാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുട്ടികളിൽ ഇത് ഗുരുതരമായ മാനസിക, ശാരീരിക പ്രശ്നങ്ങൾക്ക് വഴിവയ്ക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രായഭേദമെന്യേ എല്ലാവരെയും ബാധിക്കുന്ന വിപത്തായി ഡിജിറ്റൽ ആസക്തി മാറുന്നു എന്നത് വിവിധ പഠനങ്ങളിലൂടെ വെളിവായിട്ടുള്ള സംഗതിയാണ്. സംസ്ഥാന പോലീസ് വകുപ്പും, വനിതാ ശിശുവികസന വകുപ്പും വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**<u>സംസ്ഥാന പോലീസ് വകുപ്പ്</u>**<br><br>കുട്ടികളിലെ ഡിജിറ്റൽ ആസക്തി ഗുരുതരമായ മാനസിക, ശാരീരിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കും എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് വകുപ്പിന് കീഴിൽ 6 ജില്ലകളിൽ ഡിജിറ്റൽ ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം, കുട്ടികളിലുണ്ടാക്കുന്ന മാനസികവും, ശാരീരികവുമായ സ്വഭാവ വ്യതിയാന ങ്ങൾ, വൈകല്യങ്ങൾ എന്നിവ ശാസ്ത്രീയമായി അപഗ്രഥിച്ച് ആരോഗ്യവും സുരക്ഷിതവുമായ സൈബർ ലോകം കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കുട്ടികളിലെ അമിത മൊബൈൽ ഫോൺ ഉപയോഗം, ഓൺലൈൻ ഗെയിം ആസക്തി, അശ്ലീല സൈറ്റുകൾ സന്ദർശിക്കൽ, സാമൂഹിക മാധ്യമങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കൽ, വ്യാജ ഷോപ്പിംഗ് സൈറ്റുകളിലൂടെ പണം നഷ്ടപ്പെടുന്നത് തുടങ്ങിയവ മാറ്റിയെടുക്കുകയാണ് ഡി ഡാഡ് സെന്ററുകളുടെ ലക്ഷ്യം. കുട്ടികളിൽ ഉണ്ടാകുന്ന Attention Deficit Hyper Activity Disorder (ADHD), ഉത്കണ്ഠ, വിഷാദ രോഗം പരിമിതമായ സാമൂഹിക ബന്ധം, കുടുംബ പ്രശ്നങ്ങൾ, ന്യൂറോ ബയോളജിക്കൽ പ്രശ്നങ്ങൾ എന്നിവ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട മാർഗ്ഗങ്ങളിലൂടെ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തുന്ന മാർഗ്ഗമാണ് അവലംബിച്ചു വരുന്നത്. ഡി ഡാഡ് സെന്ററുകൾ തികച്ചും ശിശു സൗഹൃദമായ അന്തരീക്ഷത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വിവിധ ആവശ്യങ്ങൾക്കായി ഒരു വിസിറ്റിംഗ് റൂം, ഒരു കൗൺസിലിംഗ് റൂം, ഒരു മീറ്റിംഗ് റൂം എന്നീ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വിദഗ്ധ പരിശീലനം ലഭിച്ച സൈക്കോളജിസ്റ്റ്, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവരുടെ സഹായത്തോടെയാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാന തലത്തിൽ തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി. യെ ഈ പദ്ധതിയുടെ ഡയറക്ടർ ആയും, ജില്ലാ തലങ്ങളിൽ അഡീഷണൽ എസ്.പി. മാരെ ജില്ലാ നോഡൽ ഓഫീസർമാരായും നിയോഗിച്ച് ഈ പദ്ധതിയുടെ പ്രവർത്തന മേൽനോട്ടം നടത്തി വരുന്നു. ആരോഗ്യം, വനിത ശിശുവികസനം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നിലവിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നീ പോലീസ് ജില്ലകളിലെ ശിശു സൗഹൃദ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ കമ്മീഷണറേറ്റുകളിലാണ് പ്രവർത്തിച്ചു വരുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട് മലപ്പുറം, വയനാട്, ഇടുക്കി, കാസറഗോഡ് തുടങ്ങിയ 8 പോലീസ് ജില്ലകളിൽ കൂടി പുതിയതായി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു<br><br><u>വനിതാശിശു വികസന വകുപ്പ്</u><br><br>കുട്ടികളിൽ ഡിജിറ്റൽ ആസക്തി മൂലം ഗുരുതരമായ മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ മുൻകൂട്ടി മനസിലാക്കുന്നതിനായി ശാസ്ത്രീയമായ കണ്ടെത്തലിലൂടെ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനു ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ<br>(ഓ. ആർ.സി.) പദ്ധതിയിലൂടെ കുട്ടികളിലെ ജീവിത നൈപുണ്യ വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനായി SMART 40ക്യാമ്പുകൾ സ്കൂൾ തലത്തിൽ നടത്തി വരുന്നു. വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി നടപ്പാക്കി വരുന്ന പദ്ധതികളിൽ ഡിജിറ്റൽ ആസക്തിയിൽ നിന്ന് കുട്ടികളെ വിമുക്തമാക്കുന്നതിനുള്ള വിവിധ പരിപാടികളുടെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ചുവടെ ചേർക്കുന്നു .<br>1. <u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ. ആർ.സി.)</u><br><br>കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ - വൈകാരിക - പഠന - മാനസികാരോഗ്യ - പ്രയാസങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികൾ നേരിടുന്ന വിവിധതരത്തിലുള്ള വെല്ലുവിളികൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 1227 സ്കൂളുകളിൽ വകുപ്പ് മുഖേന ഓവർ റെസ്പോൺസിബിലീറ്റി ടു ചിൽഡ്രൻ (ഓ. ആർ.സി.) പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഓ.ആർ.സി പദ്ധതി മുഖേന കുട്ടികളുടെ ഡിജിറ്റൽ ആസക്തിയുമായി ബന്ധപ്പെട്ട് ടി വിഷയത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സ്കൂൾ തലത്തിൽ കുട്ടികൾക്കും രക്ഷിതക്കൾക്കും നൽകി വരുന്നു. കുട്ടികൾ നേരിടുന്ന വിവിധതരത്തിലുള്ള വെല്ലുവിളികൾക്ക് വിദഗ്ധ പരിചരണം (സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങൾ) ആവശ്യമായി വരുന്ന സാഹചര്യത്തിൽ റഫറൽ സേവനങ്ങളും തുടർ പിന്തുണയും ഏകോപിപ്പിക്കുന്നതിനായി 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ശിശു സൗഹൃദ അന്തരീക്ഷത്തിൽ ജില്ല റിസോഴ്സ് സെൻററുകൾ (District Resource Centre) സ്ഥാപിച്ചിട്ടുണ്ട്. സ്വഭാവ വൈകാരിക മാനസിക ആരോഗ്യ സാമൂഹിക വെല്ലുവിളികൾ അഭിമുഖീകരിയ്ക്കുന്ന കുട്ടികൾക്ക് വിദഗ്ധ സേവനം ഉറപ്പാക്കാൻ ഈ സംവിധാനത്തിലൂടെ വകുപ്പിന് സാധിയ്ക്കുന്നുണ്ട്.<br><br>2. <u>**പാരൻറിംഗ് ക്ലിനിക്**</u> - കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾ/ വെല്ലുവിളികൾ മനസ്സിലാക്കി അവരെ നേർവഴിലേയ്ക്ക് നയിയ്ക്കുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിയ്ക്കുന്നതിനുമായി പാരൻറിംഗ് ക്ലിനിക്കുകൾ ബ്ലോക്ക്തലത്തിൽ ആരംഭിച്ചിട്ടുണ്ട്. പാരൻറിംഗ് ക്ലിനിക്കിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും കുട്ടികളുടെ പെരുമാറ്റ വൈകല്യം, വൈകാരിക പ്രശ്നങ്ങൾ, അഡിക്ഷൻ, പ്രണയം, നിരാശ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. പാരൻറിംഗ് ക്ലിനിക്ക് മുഖേന ഡിജിറ്റൽ ആസക്തിയുള്ള കുട്ടികൾക്ക് കൗൺസിലർമാരുടെ സേവനം നൽകി വരുന്നു. സംസ്ഥാനത്ത് നിലവിൽ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലെയും ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശനിയാഴ്ചകളിൽ പാരൻറിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമെ പഞ്ചായത്തു തല ഔട്ട്റീച്ച് ക്യാമ്പുകളും അങ്കണവാടി തല ക്ലിനിക്കുകളും സംഘടിപ്പിയ്ക്കുന്നു. പാരൻറിംഗ് ക്ലിനിക്ക് സേവനം സംബന്ധിച്ച് പ്രചരണം അങ്കണവാടി/ആശ പ്രവർത്തകരിലൂടെയും മറ്റുപ്രചാരണ മാധ്യമങ്ങളിലൂടെയും നൽകുന്നതിനാൽ പൊതുജനങ്ങളിൽ പാരൻറിംഗ് ക്ലിനിക്ക് സേവനങ്ങളെപ്പറ്റി അറിയിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.<br>സംസ്ഥാനതലത്തിൽ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി"vulnerability mapping" എന്ന പദ്ധതിയ്ക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതി പരീക്ഷണ അടിസ്ഥാനത്തിൽ നടത്തുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിൽ നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ 1012 സ്കൂളുകളിൽ സൈക്കോ സോഷ്യൽ കൗൺസിലർ സേവനം നൽകി വരുന്നുണ്ട്. ഡിജിറ്റൽ ആസക്തി ഉണ്ടാകുവാൻ സാധ്യതയുള്ള കുട്ടികളെ ഒരു പരിധിവരെ കണ്ടെത്തുവാൻ ഇതിലൂടെ സാധിയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള കുട്ടികളിലെ ആവശ്യമായ റഫറൽ സംവിധാനത്തിലേക്ക് നൽകുവാൻ സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് സാധിയ്ക്കുന്നുണ്ട്.<br><br>ഡിജിറ്റൽ ആസക്തിയുമായി ബന്ധപ്പെട്ട കേസുകൾ റഫർ ചെയ്തു വരുന്ന സാഹചര്യത്തിൽ ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ കീഴിലെ ജില്ല റിസോഴ്സ് സെന്റർ മുഖേന കൗൺസിലിംഗ്, തെറാപ്പികൾ ഉൾപ്പെടെ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ എന്നിവരുടെ സേവനവും തുടർ പിന്തുണയും നൽകി വരുന്നുണ്ട് . 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ 207 കുട്ടികൾക്ക് ഇത്തരത്തിൽ സേവനവും തുടർ പിന്തുണയും നൽകിയിട്ടുണ്ട്. |
| (ബി) | ഡിജിറ്റൽ ആസക്തിയിലൂടെ ഒറ്റപ്പെട്ട ജീവിതത്തിലേക്ക് പിൻവാങ്ങുന്ന കുട്ടികൾ വേഗത്തിൽ ലഹരിക്കും മറ്റും അടിമകളായി മാറുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇത് തടയുന്നതിനായി ലഹരിക്കടിമകളായ കുട്ടികളെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ | (ബി) | പ്രായഭേദമെന്യേ എല്ലാവരെയും ബാധിക്കുന്ന വിപത്തായി ഡിജിറ്റൽ ആസക്തി മാറുന്നു എന്നത് വിവിധ പഠനങ്ങളിലൂടെ വെളിവായിട്ടുള്ള സംഗതിയാണ്. സംസ്ഥാന പോലീസ് വകുപ്പും, വനിതാ ശിശുവികസന വകുപ്പും വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br><u>**സംസ്ഥാന പോലീസ് വകുപ്പ്**</u><br><br>കുട്ടികളിലെ ഡിജിറ്റൽ ആസക്തി ഗുരുതരമായ മാനസിക, ശാരീരിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കും എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് വകുപ്പിന് കീഴിൽ 6 ജില്ലകളിൽ ഡിജിറ്റൽ ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ അമിത ഉപയോഗം, കുട്ടികളിലുണ്ടാക്കുന്ന മാനസികവും, ശാരീരികവുമായ സ്വഭാവ വ്യതിയാന ങ്ങൾ, വൈകല്യങ്ങൾ എന്നിവ ശാസ്ത്രീയമായി അപഗ്രഥിച്ച് ആരോഗ്യവും സുരക്ഷിതവുമായ സൈബർ ലോകം കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കുട്ടികളിലെ അമിത മൊബൈൽ ഫോൺ ഉപയോഗം, ഓൺലൈൻ ഗെയിം ആസക്തി, അശ്ലീല സൈറ്റുകൾ സന്ദർശിക്കൽ, സാമൂഹിക മാധ്യമങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കൽ, വ്യാജ ഷോപ്പിംഗ് |

| | | |
|---|---|---|
| | സംസ്ഥാന പൊലീസ് സേന കർമ്മപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സൈറ്റുകളിലൂടെ പണം നഷ്ടപ്പെടുന്നത് തുടങ്ങിയവ മാറ്റിയെടുക്കുകയാണ് ഡി ഡാഡ് സെന്ററുകളുടെ ലക്ഷ്യം. കുട്ടികളിൽ ഉണ്ടാകുന്ന Attention Deficit Hyper Activity Disorder (ADHD), ഉത്കണ്ഠ, വിഷാദ രോഗം പരിമിതമായ സാമൂഹിക ബന്ധം, കുടുംബ പ്രശ്നങ്ങൾ, ന്യൂറോ ബയോളജിക്കൽ പ്രശ്നങ്ങൾ എന്നിവ ശാസ്ത്രീയമായി തെളിയിക്കപ്പെട്ട മാർഗ്ഗങ്ങളിലൂടെ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തുന്ന മാർഗ്ഗമാണ് അവലംബിച്ചു വരുന്നത്. ഡി ഡാഡ് സെന്ററുകൾ തികച്ചും ശിശു സൗഹൃദമായ അന്തരീക്ഷത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വിവിധ ആവശ്യങ്ങൾക്കായി ഒരു വിസിറ്റിംഗ് റൂം, ഒരു കൗൺസിലിംഗ് റൂം, ഒരു മീറ്റിംഗ് റൂം എന്നീ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വിദഗ്ധ പരിശീലനം ലഭിച്ച സൈക്കോളജിസ്റ്റ്, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവരുടെ സഹായത്തോടെയാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാന തലത്തിൽ തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി. യെ ഈ പദ്ധതിയുടെ ഡയറക്ടർ ആയും, ജില്ലാ തലങ്ങളിൽ അഡീഷണൽ എസ്.പി. മാരെ ജില്ലാ നോഡൽ ഓഫീസർമാരായും നിയോഗിച്ച് ഈ പദ്ധതിയുടെ പ്രവർത്തന മേൽനോട്ടം നടത്തി വരുന്നു. ആരോഗ്യം, വനിത ശിശുവികസനം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നിലവിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നീ പോലീസ് ജില്ലകളിലെ ശിശു സൗഹൃദ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ കമ്മീഷണറേറ്റുകളിലാണ് പ്രവർത്തിച്ചു വരുന്നത്. 2025-26 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട് മലപ്പുറം, വയനാട്, ഇടുക്കി, കാസറഗോഡ് തുടങ്ങിയ 8 പോലീസ് ജില്ലകളിൽ കൂടി പുതിയതായി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു<br><br><u>വനിതാശിശു വികസന വകുപ്പ്</u><br><br>കുട്ടികളിൽ ഡിജിറ്റൽ ആസക്തി മൂലം ഗുരുതരമായ മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ മുൻകൂട്ടി മനസിലാക്കുന്നതിനായി ശാസ്ത്രീയമായ കണ്ടെത്തലിലൂടെ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനു ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ<br>(ഓ. ആർ.സി.) പദ്ധതിയിലൂടെ കുട്ടികളിലെ ജീവിത നൈപുണ്യ വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനായി SMART 40ക്യാമ്പുകൾ സ്കൂൾ തലത്തിൽ നടത്തി വരുന്നു. വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി നടപ്പാക്കി വരുന്ന പദ്ധതികളിൽ ഡിജിറ്റൽ ആസക്തിയിൽ നിന്ന് കുട്ടികളെ വിമുക്തമാക്കുന്നതിനുള്ള വിവിധ പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .<br>1. <u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ. ആർ.സി.)</u><br><br>കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ - വൈകാരിക - പഠന - മാനസികാരോഗ്യ - പ്രയാസങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികൾ നേരിടുന്ന വിവിധതരത്തിലുള്ള വെല്ലുവിളികൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 1227 സ്കൂളുകളിൽ വകുപ്പ് മുഖേന ഓവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ. ആർ.സി.) പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഓ.ആർ.സി പദ്ധതി മുഖേന കുട്ടികളുടെ ഡിജിറ്റൽ ആസക്തിയുമായി ബന്ധപ്പെട്ട് ടി വിഷയത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സ്കൂൾ തലത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകി വരുന്നു. കുട്ടികൾ നേരിടുന്ന വിവിധതരത്തിലുള്ള വെല്ലുവിളികൾക്ക് വിദഗ്ധ പരിചരണം (സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങൾ) ആവശ്യമായി വരുന്ന സാഹചര്യത്തിൽ റഫറൽ സേവനങ്ങളും തുടർ പിന്തുണയും ഏകോപിപ്പിക്കുന്നതിനായി 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ശിശു സൗഹൃദ അന്തരീക്ഷത്തിൽ ജില്ല റിസോഴ്സ് സെൻററുകൾ (District Resource Centre) സ്ഥാപിച്ചിട്ടുണ്ട്. സ്വഭാവ വൈകാരിക മാനസിക ആരോഗ്യ സാമൂഹിക വെല്ലുവിളികൾ അഭിമുഖീകരിയ്ക്കുന്ന കുട്ടികൾക്ക് വിദഗ്ധ സേവനം ഉറപ്പാക്കാൻ ഈ സംവിധാനത്തിലൂടെ വകുപ്പിന് സാധിയ്ക്കുന്നുണ്ട്.<br><br>2. <u>**പാരൻറിംഗ് ക്ലിനിക്**</u> - കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾ/ വെല്ലുവിളികൾ മനസ്സിലാക്കി അവരെ നേർവഴിലേയ്ക്ക് നയിയ്ക്കുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിയ്ക്കുന്നതിനുമായി പാരൻറിംഗ് ക്ലിനിക്കുകൾ ബ്ലോക്ക്തലത്തിൽ ആരംഭിച്ചിട്ടുണ്ട്. പാരൻറിംഗ് ക്ലിനിക്കിൽ വരുന്ന കേസുകളിൽ ഭൂരിഭാഗവും കുട്ടികളുടെ പെരുമാറ്റ വൈകല്യം, വൈകാരിക പ്രശ്നങ്ങൾ, അഡിക്ഷൻ, പ്രണയം, നിരാശ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. പാരൻറിംഗ് ക്ലിനിക്ക് മുഖേന ഡിജിറ്റൽ ആസക്തിയുള്ള കുട്ടികൾക്ക് കൗൺസിലർമാരുടെ സേവനം നൽകി വരുന്നു. സംസ്ഥാനത്ത് നിലവിൽ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലെയും ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശനിയാഴ്ചകളിൽ പാരൻറിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമെ പഞ്ചായത്ത് തല ഔട്ട്റീച്ച് ക്യാമ്പുകളും അങ്കണവാടി തല ക്ലിനിക്കുകളും സംഘടിപ്പിയ്ക്കുന്നു. പാരൻറിംഗ് ക്ലിനിക്ക് സേവനം സംബന്ധിച്ച് പ്രചരണം അങ്കണവാടി/ആശ പ്രവർത്തകരിലൂടെയും മറ്റുപ്രചാരണ മാധ്യമങ്ങളിലൂടെയും നൽകുന്നതിനാൽ പൊതുജനങ്ങളിൽ പാരൻറിംഗ് ക്ലിനിക്ക് സേവനങ്ങളെപ്പറ്റി അറിയിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.<br>സംസ്ഥാനതലത്തിൽ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി"vulnerability mapping" എന്ന പദ്ധതിയ്ക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതി പരീക്ഷണ അടിസ്ഥാനത്തിൽ നടത്തുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിൽ നടത്തുവാൻ അനുമതി |

നൽകിയിട്ടുണ്ട്.
സംസ്ഥാനത്തെ 1012 സ്കൂളുകളിൽ സൈക്കോ സോഷ്യൽ കൗൺസിലർ സേവനം നൽകി വരുന്നുണ്ട്. ഡിജിറ്റൽ ആസക്തി ഉണ്ടാകുവാൻ സാധ്യതയുള്ള കുട്ടികളെ ഒരു പരിധിവരെ കണ്ടെത്തുവാൻ ഇതിലൂടെ സാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കുട്ടികളിലെ ആവശ്യമായ റഫറൽ സംവിധാനത്തിലേക്ക് നൽകുവാൻ സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് സാധിയ്ക്കുന്നുണ്ട്.

ഡിജിറ്റൽ ആസക്തിയുമായി ബന്ധപ്പെട്ട കേസുകൾ റഫർ ചെയ്തു വരുന്ന സാഹചര്യത്തിൽ ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ കീഴിലെ ജില്ല റിസോഴ്സ് സെന്റർ മുഖേന കൗൺസിലിംഗ്, തെറാപ്പികൾ ഉൾപ്പെടെ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ എന്നിവരുടെ സേവനവും തുടർ പിന്തുണയും നൽകി വരുന്നുണ്ട് . 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ 207 കുട്ടികൾക്ക് ഇത്തരത്തിൽ സേവനവും തുടർ പിന്തുണയും നൽകിയിട്ടുണ്ട്.

(സി) ഓൺലൈൻ ഗെയിമുകൾ, സമൂഹമാദ്ധ്യമങ്ങൾ, അശ്ലീല വെബ്സൈറ്റുകൾ തുടങ്ങിയവയ്ക്ക് അടിമപ്പെട്ട കുട്ടികളെ പൊലീസ് ഇടപെടലിലൂടെ രക്ഷിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ?

(സി) ഓൺലൈൻ ഗെയിമുകൾ, സമൂഹ മാദ്ധ്യമങ്ങൾ, അശ്ലീല വെബ്സൈറ്റുകൾ തുടങ്ങിയവയ്ക്ക് അടിമപ്പെട്ട കുട്ടികൾക്ക് ഈ മേഖലയിൽ വിദഗ്ധ പരിശീലനം സിദ്ധിച്ച സൈക്കോളജിസ്റ്റ്, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവരുടെ സഹായത്തോടെ ഡീ-അഡിക്ഷൻ ചികിത്സ നൽകുന്നതിനാണ് ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ (ഡി-ഡാഡ്) ആരംഭിച്ചിട്ടുള്ളത്. 6 പോലീസ് ജില്ലകളിലെ ഡി-ഡാഡ് സെന്ററുകളിൽ ചികിത്സാ സഹായം തേടിയ കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.

**01.03.2023 മുതൽ 31.07.2025 വരെ ഡി-ഡാഡ് സെന്ററിൽ റിപ്പോർട്ട് ചെയ്ത കേസുകളുടെ വിശദാംശങ്ങൾ**

| സെന്റർ | ആകെ റിപ്പോർട്ട് ചെയ്ത കേസുകൾ | ഓൺ ഗോയിംഗ് കേസുകൾ | റഫേർഡ് കേസുകൾ | ടെർമിനേറ്റഡ് കേസുകൾ | ഡ്രോപ്പ്-ഔ കേസുകൾ |
|---|---|---|---|---|---|
| തിരുവനന്തപുരം | 299 | 32 | 29 | 231 | 7 |
| കൊല്ലം | 480 | 75 | 20 | 380 | 5 |
| കൊച്ചി | 300 | 79 | 54 | 157 | 10 |
| തൃശ്ശൂർ | 304 | 140 | 47 | 113 | 4 |
| കോഴിക്കോട് | 325 | 148 | 33 | 142 | 2 |
| കണ്ണൂർ | 284 | 97 | 41 | 141 | 5 |
| **ആകെ** | 1992 | 571 | 224 | 1164 | 33 |

സെക്ഷൻ ഓഫീസർ